## ജി.എച്ച്.എച്ച്.എസ്.അഴീക്കോട്,മീൻകുന്ന്

## ലിറ്റിൽ കൈറ്റ്സ് 2018-19

# കുഞ്ഞു ചിന്തകൾ



## ആമുഖം

**മികച്ച ശാസ്ത്രസാങ്കേതികവിദ്യയിലൂടെ വിദ്യാലയ പഠനാന്തരീക്ഷം ഹൈടെക് ആവുന്നതിന്റെ ഭാഗമായി ഒൻപതാം തരം വിദ്യാർത്ഥികൾക്ക് പ്രത്യേകമായി രൂപം കൊണ്ടതാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്.അതിന്റെ ആദ്യ സംരംഭമായ കുഞ്ഞു ചിന്തകൾ എന്ന ഡിജിറ്റൽ മാഗസിനിലൂടെ വിദ്യാർത്ഥികളുടെ സാഹിത്യാഭിരുചികൾ പ്രതിഫലിപ്പിക്കുന്നതാണ്.**



## ***സന്ദേശം***

***ഗവ : ഹയർ സെക്കണ്ടറി സ്കൂൾ അഴീക്കോടിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ "ലിറ്റിൽ തോട്ട്സ്" എന്ന ഡിജിറ്റൽ മാഗസിനിലെ കലാസൃഷ്ടികൾ അവരുടെ സർഗ്ഗാത്മകതയുടെയും നൂതന സാങ്കേതികവിദ്യയുടെയും അടയാളപ്പെടുത്തലാണ്. മാഗസിൻ പ്രവർത്തനത്തിലേർപ്പെട്ട ഈ കുരുന്നകൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.***

***- സുശീല . സി . ടി . കെ***
***പ്രധാനാധ്യാപിക***
***ജി . എച്ച് . എസ് . എസ്***
***അഴീക്കോട്, മീൻകുന്ന്***
***- കണ്ണൂർ 670009***

# ജി.എച്ച്.എസ്.എസ്.അഴീക്കോട്,മീൻകുന്ന്



# <u>ലിറ്റിൽ</u> <u>കൈറ്റ്സ്</u> <u>അംഗങ്ങൾ</u>



## താളുകളിലൂടെ

*അതിജീവനം - കവിത

*മറക്കരുത് ഒരിക്കലും, മറന്നാൽ വിനാശം സുനിശ്ചിതം - കവിത

*ലഹരിയും യുവതലമുറയും - ഉപന്യാസം

*ജനലഴികൾ - കഥ

*കറുത്ത പാപ്പാത്തി - കവിത

*വഴികൾ - കവിത

*വരികൾക്കൂട്ടിച്ചേർക്കാം - കവിത

*മരണകവാടത്തിലേക്കുള്ള വഴികാട്ടിയാണ് ലഹരി - ഉപന്യാസം

*അമ്മയുടെ പുഞ്ചിരി - കവിത

*മണിപ്രാവും കുഞ്ഞനുറുമ്പും - കഥ

*ചിത്രത്താളുകളിലൂടെ.......

# *അതിജീവനം*



**അന്നാദ്യമായി ഞാൻ എന്നച്ഛനോടൊപ്പം
ഉമ്മറക്കോലായിലൊന്നിരുന്നു.
കളിച്ചും ചിരിച്ചും അന്നാദ്യമായി ഞാൻ
അച്ഛന്റെ മനസ്സിനെ തൊട്ടറിഞ്ഞു**

**അപ്പോഴതാ ജെ.സി.ബി പോലൊരു മർത്യൻ
വന്നു കോരിയെടുത്തങ്ങു കൊണ്ടുപോയി
ഓറഞ്ചും ചുവപ്പും കലർന്നൊരു ചായം
അപ്പോഴതു ഞാൻ കണ്ടതേയില്ല**

**പലജാതി പലമതം പലമുഖം കണ്ടില്ല
ഒന്നിച്ചൊന്നായ കൈകൾ മാത്രം
ആരെന്നറിയില്ല എൻ ഉമ്മയാണോ?
ആരെന്നറിയാത്ത സാന്ത്വന മുഖങ്ങൾ
മനുഷ്യരൊന്നുപോലെ ക്യാമ്പിൽ
ഇത്തിരി നുറുങ്ങു വെട്ടത്തിൽ
ഉമ്മയുണ്ടാക്കിയ ചോറില്ല, കറിയില്ല
കഞ്ഞിയിൽ കണ്ണീരിൻ
രസങ്ങൾ മാത്രം**

**മരങ്ങൾ മുറിക്കുമ്പോളറിഞ്ഞില്ല
ഫ്ളാറ്റ് പണിതപ്പോളറിഞ്ഞീല്ല
ഗാന്ധിയൻ നോട്ടുകൾ അടുക്കിവെക്കും
തിരക്കിൽ അമ്മയാം ഭൂമിയെ മറന്നുപോയി**

**നേരിയ നിലാവിൻ അനന്തതയിൽ**

**എങ്ങാണ്ടോ ഇത്തിരി ശാന്തിതൻ**
**ശർക്കര ബാക്കി**
**അന്ന് പറഞ്ഞു എന്നമ്മ അരുതെന്ന്**
**ഇന്നു ബാക്കി എൻ അമ്മയുടെ വാക്കുകൾ**
**ഒറ്റ ചങ്ങലയിൽ കൈകോർത്ത്**
**അതിജീവനപാത ലക്ഷ്യമാക്കി**
**മുന്നേറുവാനായി  പിന്നിലേക്കു**
**നോക്കാതെ**
**അമ്മയാം ഭൂമിയെ സ്നേഹിച്ചു മുന്നേറാം**
**തിരിച്ചറിവിൻ പാതയിൽ മുന്നേറാം**

**-ചന്ദന.കെ.വി**

**10TH A**

# ലഹരിയും യുവതലമുറയും



ഇന്നത്തെ ലോകം മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും തലമുറകളാണ്.ഇപ്പോൾ ജനങ്ങൾ ജീവിക്കുന്നത് തന്നെ മദ്യത്തിനും മയക്കുമരുന്നിനും വേണ്ടിയാണ്.

അന്ന് സുന്ദരമായ കേരളമായിരുന്നു.ഇന്ന് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും കാലം.കാലം ആൾക്കാരെത്തന്നെ മാറ്റിമറിക്കുന്നു.കാലം മാറുന്നതിനനുസരിച്ച് യുവതലമുറയുടെ സ്വഭാവവും ജീവിതവും ജീവിതസങ്കൽപ്പങ്ങളും മാറുന്നു.ലഹരിയെന്നത് ഇപ്പോഴത്തെ തലമുറയുടെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു.സ്കൂൾ,കോളേജ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും തന്നെ ലഹരിയുടെ ഉപയോഗം ആരംഭിക്കുന്നു.

ലഹരി ഉപയോഗിക്കുന്നത് എന്തിനാണ് എന്ന് ഒരാളോട് ചോദിച്ചാൽ അവർക്കുപോലും അറിയില്ല.ലഹരി എന്ന വസ്തു ഒരു വ്യക്തിയുടെ സുന്ദരമായ ജീവിതം ഇല്ലാതാക്കുന്നു.മിഠായി ,സിഗരറ്റ്, ഹൻസ് എന്നീ തുടങ്ങിയ വിവിധതരം മയക്കുമരുന്നുകൾ ലോകത്ത് തന്നെ നിലനിൽക്കുന്നു.വ്യക്തികൾ തമ്മിലുള്ള കൈമാറ്റം ഇതിനൊരു കാരണമാണ്.ലഹരിയെന്ന വസ്തു ആദ്യം കഴിക്കുമ്പോൾ ഒന്നും തോന്നില്ല.പിന്നീട് അതിൽ ആ വ്യക്തി അടിമപ്പെട്ടു പോവുന്നു.പിന്നീട് അതില്ലാതെ അയാൾക്ക് ജീവിക്കാൻ കഴിയാതാവുന്നു.പിന്നീട് അയാളൊരു ഭ്രാന്തനെ പോലെ അലഞ്ഞ് തിരിയും.മയക്കുമരുന്ന് എന്ന ചെറിയൊരു സാധനം ആ മനുഷ്യനെത്തന്നെ മാറ്റിമറിക്കും.ലഹരി എന്ന മഹാവിപത്ത് കാരണംഒരു ജീവനാണ് ഇല്ലാതാവുന്നത് ഒരാളുടെ പ്രേരണ കാരണമായിരിക്കും അയാൾ ലഹരിക്ക് അടിമപ്പെട്ട് പോകുന്നത്.

-വിസ്മയ.അശോകൻ
10TH A

## കടങ്കഥകൾ

*
അനേകം മതിൽകെട്ടി
അകത്തൊരു വെള്ളിവടി - വാഴപ്പിണ്ടി

*
അമ്മ പെറ്റതെല്ലാം വെള്ളപ്പട്ടാളം -ചിതൽ

*
അമ്മയ്ക്ക് വയറിളക്കം
മകൾക്കു തലകറക്കം -തിരികല്ല്

*
അടുപ്പിൽ തിണ്ണേലമ്മായിയമ്മ -പൂച്ച

*
അകത്തറുത്താൽ പുറത്തറിയാം -ചക്ക

*
ആയിരം പോലീസുകാർക്ക്
ഒരു ബൽറ്റ് -ചൂല്

*
ആയിരം കുറിയരി
അതിലൊരു നെടിയരി -ചന്ദ്രനംനക്ഷത്രങ്ങളും

*
ആയിരം കണ്ണുള്ളവൻ
ചന്തയ്ക്ക്പോയി -വല

*
ആയിരം ഞൊറിയിട്ടിട്ടും
ഉടുക്കാനാവാത്ത സാരി -കടൽ

*
തിന്നില്ല കുടിക്കില്ല,
തല്ലാതെ മിണ്ടില്ല -ചെണ്ട

*
നനവേറ്റാൽ വാട്ടം തട്ടും

ചൂടേറ്റാൽ വാട്ടം തീരും -പപ്പടം

*
നാലുകാലുള്ളൊരു മുത്തശ്ശിയമ്മ

നാല്പതുമക്കളെ സൂക്ഷിക്കും -കോഴിക്കൂട്

*
നൂറാനപൊക്കിയിട്ടും പൊങ്ങാത്ത

വട്ടച്ചെ -കിണർ

*
നല്ല നായയ്ക്ക് നാവിൻമേൽ പല്ല് -ചിരവ

*
നാലുകാലുള്ള നങ്ങേലിപ്പെണ്ണിനെ

കോലുനാരായണൻ കട്ടോണ്ടുപോയി -പാമ്പ്തവളയെ

# ജനലഴികൾ

***ജനലഴികളിലെ തണുത്ത കമ്പികളിൽ പിടിച്ച് രമേശ് കരയുകയാണ്. പത്ത് വർഷമായി അയാൾ അതിനുള്ളിലാണ്. സെൻട്രൽ ജയിൽ കഴിഞ്ഞാലുള്ള ലോകം അടാൽക്കിന്നന്യമാണ്. കണ്ണില്ലാത്ത അയാൾ എങ്ങനെ അത് ചെയ്തു എന്നാലോചിച്ച് നാട്ടുകാർ അമ്പരന്നു. പ്രകാശൻ യാത്ര പുറപ്പെട്ടുകയാണ്. കുറ്റിക്കാട് എന്ന ഗ്രാമം കഴിഞ്ഞാലുള്ള ലോകം അയാൾക്കിന്നന്യമാണ്. പോകാൻ പണമുണ്ടായിരുന്നുവെങ്കിൽ എല്ലാവരും പ്രകാശനൊപ്പം പോയേനേ. പക്ഷേ അവരുടെ എല്ലാം മനസ്സ് പ്രകാശനിലുണ്ട് സമയം രാത്രി എട്ടു മണി. ആ കൊടുംകാട്ടിലൂടെ വെളിച്ചമില്ലാത്ത വഴിയിലൂടെ പ്രകാശൻ നടക്കുകയാണ്. . റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ സമയം രാത്രി 12.00. അയാൾ വണ്ടിയിൽ കയറി ഇരുന്നു. രാത്രിയുടെ ഇരുണ്ട മറവിൽ ഒരു തുരങ്കത്തിലൂടെ അത് പായുകയാണ് . വണ്ടിയുടെ ജനലിൽ പിടിച്ച് ഇരുന്ന അയാൾ കിനാവിലേക്ക് വഴുതി വീണു. തന്റെ മകൻ രമേശൻ അപ്പാ എന്നു വിളിച്ചു കരയുകയാണ്. അയാൾ ഞെട്ടി ഉണർന്നു .... മോനെ ... പ്രകാശൻ പൊട്ടിപ്പൊട്ടിക്കരഞ്ഞു.***

***അയാൾ കോഴിക്കോട് സെൻട്രൽ ജയിലിലെത്തുമ്പോൾ കാക്ക കരച്ചിലുകളോടെ നേരം വെളുത്തിരുന്നു . ജയിലിൽ നിന്ന് തന്റെ മകൻ രമേശൻ വഴി കാണിച്ചുകൊടുത്തു . ഏറിയ വർഷങ്ങൾക്ക് ശേഷം തന്റെ മകനെ കാണുകയാണ് അപ്പനും മകനും. ഇരുമ്പഴികളിലൂടെ ഒരുനോക്ക് കണ്ടു. ഒരു നിമിഷം രണ്ടു പേരും മൗനം പാലിച്ചു. അതിനുശേഷം ആ ഇരുമ്പഴിവാതിൽ മെല്ലെ തുറന്നു. രണ്ടുപേരും കണ്ണോട് കണ്ണുകൾ കൊണ്ട് നോക്കിനിന്നു. രമേശന് കണ്ണിന് ദൈവം കാഴ്ച കൊടുക്കാത്തത് കൊണ്ട് തന്റെ മുന്നിൽ വന്നു നിൽക്കുന്നത് ആരാണെന്ന് മനസ്സിലായില്ല. എങ്കിലും ശബ്ദം***

***കൊണ്ട് മകൻ അപ്പനെ തിരിച്ചറിഞ്ഞു. ഇത്രയും കാലം താൻ കണ്ട അപ്പനല്ല ഇന്ന് തന്റെ മുന്നിൽ വന്നു നിൽക്കുന്നത്. ശബ്ദത്തിലും മറ്റും എല്ലാം തന്നെ ഒരു വൃദ്ധന്റെ പ്രതീതി. താൻ എന്തിന് കുറ്റം ചെയ്തു എന്ന് അവന് അറിയില്ല. കാരണം അവൻ കുറ്റം ചെയ്തിട്ടില്ല. പണത്തിന്റെ മുകളിൽ കിടന്നുറങ്ങുന്ന ചിലർ എല്ലാത്തിനും സാക്ഷിയായ രമേശനെ ഇരുമ്പഴികൾക്കുള്ളിലാക്കി. ഇത്രയും നാൾ താൻ ഈ ഇരുമ്പഴികൾക്കുള്ളിൽ കണ്ട ലോകം യഥാർത്ഥത്തിൽ അതല്ല. സത്യം തെളിഞ്ഞു. രമേശ് ജയിൽമോചിതനായി. ദൈവമായ ഒരു മനുഷ്യൻ അയാൾക്ക് കണ്ണുകൾ നൽകി യാത്രയായി. ഇപ്പോൾ അയാൾക്ക് കാഴ്ച തിരിച്ചുകിട്ടി. ലോകം അയാൾ ആദ്യമായി കാണുന്നു. ഇത്രയും പറഞ്ഞപ്പോൾ അയാളുടെ കണ്ണുകളിൽ നിന്ന് അശ്രു പൊഴിഞ്ഞു. സ്റ്റേജിൽ നിന്ന് കാണികൾ ഒന്നാകെ കൈയടിച്ചു. ഇപ്പോൾ അയാൾ പറയുന്നു തനിക്ക് എന്തിനാണ് കണ്ണുകൾ നൽകിയതെന്ന്. മനുഷ്യന്റെ ഈ മായാജാല കാഴ്ചകൾ കാണാനാണോ? അതോ തിരിച്ചറിവ് വരാനോ?***

# കറുത്ത പാപ്പാത്തി



**ഓർക്കാപ്പുറത്തായിരുന്നു**
**ഒരു കറുത്ത പാപ്പാത്തി**
**പാറി വന്നെന്റെ**
**മുഖത്തടിച്ച്.**
**പത്രത്തിലെ**
**നിന്റെ ചരമവാർത്തയോടൊപ്പം**
**കരഞ്ഞ് ആർത്തലയ്ക്കാനാകാതെ**
**ഇരിക്കയായിരുന്നു ഞാൻ**
**ദൂരെ**
**തണുത്തുറഞ്ഞു കിടക്കുന്നു**
**നീ തന്നെയാണോ**
**പാപ്പാത്തിയായ് വന്നെന്നെ**
**കരയിക്കുന്നത്.?**

**നിഷ അരുൺ - അധ്യാപിക**

# വഴികൾ

*ജലാലുദ്ധീൻ റൂമിയുടെ*
*വരികളുടെ മാസ്മരികത*
*എന്നെ അമ്പരിപ്പിച്ചിട്ടുണ്ട്.*
*ഒമർഖയ്യാം*
*അസൂയപ്പെടുത്തിയിട്ടുണ്ട്.*
*കണ്ണടച്ചാലും പരക്കുന്ന*
*സൂര്യകാന്തിപ്പൂക്കളുടെ*
*മാസ്മരിക മഞ്ഞയിൽ*
*മതിമറന്ന് ഇരുന്നിട്ടുണ്ട്.*
*എന്നിട്ടും സുഹൃത്തേ...*
*വാൻഗോഗിനെപ്പോലെ*
*ചെവിയറുത്ത്*
*ഞാനാർക്കും നൽകിയില്ല.*
*നെരൂദയുടെ കവിതകൾ*
*ഭ്രാന്ത് പിടിപ്പിക്കുമ്പോഴും*
*ഞാൻ നിശബ്ദയായിരുന്നു.*
*പുരാണേതിഹാസങ്ങളെന്നപോലെ*
*ബൈബിളും ഖുറാനും*
*തിരക്കുകളും ഉള്ളിൽത്തട്ടി*
*ഒടുവിൽ*
*ഞാൻ നടക്കേണ്ട*
*വഴികൾ തിരഞ്ഞ്*
*ഞാൻ തന്നെയിറങ്ങി.*

*നിഷ അരുൺ - അധ്യാപിക*

# വരികൾ കൂട്ടിച്ചേർക്കാം



**നല്ലത് നല്ലത് കുട്ട്യോളെ**
**പപ്പായ നല്ലത് കുട്ട്യോളെ**
**പേരയ്ക്ക നല്ലത് കുട്ട്യോളെ**
**വത്തക്ക നല്ലത് കുട്ട്യോളെ**
**മാമ്പഴം നല്ലത് കുട്ട്യോളെ**
**ചക്കപ്പഴം നല്ലത് കുട്ട്യോളെ**
**സപ്പോട്ട നല്ലത് കുട്ട്യോളെ**
**മുന്തിരി നല്ലത് കുട്ട്യോളെ**
**ഓറഞ്ച് നല്ലത് കുട്ട്യോളെ**

***-സ്വരലയ.കെ.പി***

***1ST A***

## മരണകവാടത്തിലേക്കുള്ള വഴികാട്ടിയാണ് ലഹരി



***ലഹരി , അതാണിന്ന് മനുഷ്യനെ ഭരിക്കുന്നത്. ദുഃഖമായാലും സന്തോഷം വന്നാലും ആശ്രയം ലഹരി തന്നെ. എവിടെ നോക്കിയാലും അവിടെ സിഗരറ്റ് കുറ്റികളും മദ്യക്കുപ്പികളും ലഹരി മരുന്നുകളുടെ കവറുകളും. ലഹരിയുടെ ഉപയോഗം മനുഷ്യനെ മരണകവാടം വരെ ചെന്നെത്തിക്കുന്നു എന്നവർ ഓർക്കുന്നില്ല.***

***മുതിർന്നവരെ കണ്ടാണ് കുട്ടികൾ പഠിക്കുന്നത് എന്നു പറയാറുണ്ട്. മുതിർന്നവരാണ് അവർക്ക് വഴികാട്ടി. അവർ തന്നെ മദ്യപിച്ചും മറ്റും വന്നാൽ പിന്നെ അടുത്ത തലമുറയുടെ അവസ്ഥയെ പറ്റി നമുക്ക് ചിന്തിക്കാൻ പോലും കഴിയില്ല. ലഹരി അത് പലരൂപത്തിലും ഇറങ്ങുന്നു.മിഠായികളുടെ രൂപത്തിൽ ലഹരി കുട്ടികളിലേക്ക് എത്തിക്കുന്നു.മദ്യം,സിഗററ്റ്,പുകയില, കഞ്ചാവ് തുടങ്ങിയവ മനുഷ്യനെ ശാരീരികമായും മാനസികമായും തളർത്തുന്നു.***

***ഇന്നത്തെ സമൂഹം അതിഭയാനകമായ അവസ്ഥയിലേക്കാണ് നീങ്ങുന്നത്. ലഹരിയുടെ വേലിക്കുള്ളിൽ അവർ ചെറു പ്രായത്തിൽ തന്നെ അകപ്പെടുന്നു. അറിവിന്റെ മധുരം നുണയുന്ന വിദ്യാലയങ്ങളിൽ പോലും ലഹരികൾ വിൽക്കപ്പെടുന്നു. ലഹരിയിൽ അകപ്പെട്ടവർ അമൃതിനു തുല്യം അതിനെ സ്നേഹിക്കുന്നു. ലഹരിയിൽ അവർ സ്വന്തം സ്നേഹിതരെ പോലും അക്രമിക്കാൻ മടിക്കുന്നില്ല.***

***അമൃതു തുല്യമായ് ലഹരിയെ കരുതുന്ന ഇവർ ഇത് രണ്ടും തമ്മിലെ വ്യത്യാസം മനസ്സിലാക്കുന്നില്ല.അമൃത് മരണകവാടങ്ങൾ അടച്ചിടുകയാണെങ്കിൽ ലഹരി മനുഷ്യനെ മരണകവാടത്തിൽ തള്ളിവിടുന്നു.വിദ്യാർത്ഥികളിൽ ഇന്ന് ലഹരിയുടെ ഉപയോഗം കൂടിവരുന്നു. അതിനാൽ തന്നെ വരും തലമുറയെ തന്നെ ലഹരി ഇല്ലാതാകകുന്നു. ലഹരി മനുഷ്യനെ കൊല്ലാതെ കൊല്ലുന്നു.ലഹരി ഉപയോഗിക്കുന്ന മനുഷ്യൻ തികച്ചും മരിച്ചു ജീവിക്കുകയാണ്***

***ലഹരിയുടെ ഉപയോഗം മാരകമായ രോഗങ്ങൾ ഉണ്ടാകുന്നു.ഇന്നത്തെ യുവ തലമുറ ലഹരിപദാർത്ഥങ്ങൾക്കു വേണ്ടി എന്തും ചെയ്യാൻ മടിക്കുന്നില്ല. ലഹരി നമ്മുടെ സമൂഹത്തിൽ നിന്നും അകറ്റിയാൽ മാത്രമേ നന്മയുടെ ലോകം സൃഷ്ടിക്കാൻ കഴിയൂ.***

***മരണകവാടങ്ങളിൽ എത്തിക്കുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഇല്ലാതായാൽ മാത്രമേ നല്ലൊരു യുവതലമുറ ഉണ്ടാവുകയും സമൂഹം നന്നാവുകയുമുള്ളൂ.***

***- ആതിര.പി***

***10TH A***

## അമ്മയുടെ പുഞ്ചിരി



എന്തിഷ്ടമാണെനിക്കെന്നും
എന്നമ്മ തരുന്ന മധുരം
എന്തിഷ്ടമാണെനിക്കെന്നും
എന്നമ്മ തരുന്ന മുത്തം
എന്തിഷ്ടമാണെനിക്കെന്നും
എന്നമ്മ തരുന്ന പുഞ്ചിരി

-ആദിദേവ്.എസ്

3RD A

# മണിപ്രാവും കുഞ്ഞനുറുമ്പും



*ഒരു പുഴയരികിൽ ഒരു മണിപ്രാവും കുഞ്ഞനുറുമ്പും ഉണ്ടായിരുന്നുഒരിക്കൽ കുഞ്ഞനുറുമ്പ് കാല് തെറ്റി പുഴയിൽ വീണു. മരക്കൊമ്പിലിരിക്കുന്ന മണിയൻ അത് കണ്ടു. എന്നിട്ട് ഒരില ഇട്ടു കൊടുത്തു. കുഞ്ഞനുറുമ്പ് അതിൽ കയറി. ഇല പതുക്കെപ്പതുക്കെ കരയിലേക്ക് നീങ്ങി. കുഞ്ഞനുറുമ്പ് രക്ഷപ്പെട്ടു. പിന്നീട് ഒരിക്കൽ മണിപ്രാവ് മരക്കൊമ്പിൽ ഇരിക്കുമ്പോൾ വേട്ടക്കാരൻ മണിപ്രാവിനെ ഉന്നം വച്ച് നോക്കി. കുഞ്ഞനുറുമ്പ് അത് കണ്ടു. എന്റെ കൂട്ടുകാരനെ എങ്ങനെയെങ്കിലും രക്ഷിക്കണം. അവനൊരു സൂത്രം തോന്നി. അവൻ വേട്ടക്കാരന്റെ കാലിൽ പാഞ്ഞുകയറി. കുഞ്ഞനുറുമ്പ് വേട്ടക്കാരന്റെ കാലിൽ ആഞ്ഞു കടിച്ചു. വേട്ടക്കാരൻ നിലവിളിച്ചു. ആ തക്കത്തിന് മണിപ്രാവും കുഞ്ഞനുറുമ്പും അവിടെ നിന്ന് രക്ഷപ്പെട്ടു. അതിനു ശേഷം രണ്ടുപേരും ഉറ്റചങ്ങാതിമാരായി.*

*- ദേവാഞ്ജന. കെ. വി*

*3rd A*

# ചിത്രത്താളുകളിലൂടെ.......



-ആകാശ്.ആർ.എസ്

9TH A








-കൃഷ്ണ.എസ്
8 TH A



## കടപ്പാട്

**"കുഞ്ഞു ചിന്തകൾ " ഞങ്ങളുടെ ആദ്യ ചുവടുവെപ്പാണ് .പരിമിതികളും പോരായ്മകളും ഞങ്ങൾ തിരിച്ചറിയുന്നു . ഈ തിരിച്ചറിവ് വിജയത്തിലേക്കുള്ള ചവിട്ടുപടികളാണ് . മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച അധ്യാപികമാർക്കും   വിദ്യാർത്ഥികൾക്കും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു....**

